# വെളിപ്പാട് പുസ്തകത്തിന്റെ ജീവ-പഠനം

### ദൂത് അമ്പത്തഞ്ച്

## ഹർമ്മഗെദ്ദോനിലെ യുദ്ധം

Sat ഈ ദൂതിൽ നാം ഹർമ്മഗെദ്ദോനിലെ യുദ്ധത്തിലേക്കു വരുന്നു (19:11-21). തന്റെ വിവാഹവിരുന്നിനുശേഷം എതിർക്രിസ്തുവിനോടും, അവന്റെ കീഴിലുള്ള രാജാക്കന്മാരോടും, അവരുടെ സൈന്യങ്ങളോടും ഹർമ്മഗെദ്ദോനിൽവച്ച് യുദ്ധംചെയ്യുവാൻ തന്റെ സൈന്യമായ ജയിക്കുന്ന വിശ്വാസികളായ അവന്റെ മണവാട്ടിയോടുകൂടെ യുദ്ധംചെയ്യുന്ന സൈന്യാധിപനായി ക്രിസ്തു വരും. മഹാവേശ്യയെന്ന മൂന്നാമത്തെ കക്ഷി ഉന്മൂലനം ചെയ്യപ്പെട്ടുകഴിഞ്ഞിരിക്കുമെങ്കിലും കർത്താവിന് അപ്പോഴും വ്യാളിയായ സാത്താൻ, സമുദ്രത്തിൽനിന്നു കയറിവരുന്ന മൃഗമായ എതിർക്രിസ്തു, കരയിൽനിന്നും കയറിവരുന്ന മൃഗമായ കള്ളപ്രവാചകൻ എന്നീ മൂന്നു ശത്രുക്കളുണ്ടായിരിക്കും. ഈ മൂവരും അവനെ എതിർക്കുന്നതു തുടരും. എതിർക്രിസ്തുവിന്റെ ദുഷ്പ്രേരണയിൻകീഴിൽ മനുഷ്യൻ കർത്താധികർത്താവും രാജാധിരാജാവുമായവനെതിരെ പോലും നേരിട്ട് യുദ്ധം ചെയ്യും. എതിർക്രിസ്തുവും, കള്ളപ്രവാചകനും, പത്തു രാജാക്കന്മാരും അവരുടെ സൈന്യങ്ങളും കുഞ്ഞാടിനോട് യുദ്ധം ചെയ്യും. എത്ര ഭയാനകം! ഇത് വേദപുസ്തകത്തിൽ രേഖപ്പെടുത്തിയിരുന്നില്ലെങ്കിൽ, ദൈവത്തോട് യുദ്ധം പ്രഖ്യാപിക്കുവാൻ മനുഷ്യനു കഴിയുമെന്ന് ഞാൻ വിശ്വസിക്കുമായിരുന്നില്ല.

മണവാളൻ തന്റെ മണവാട്ടിയുടെ സഹായത്തോടുകൂടെ അവന്റെ ശത്രുവിനോട് യുദ്ധംചെയ്യുവാൻ വരുന്നുവെന്ന് 19:11-21-ൽ നാം കാണുന്നു. മണവാളൻ മുഖ്യസൈന്യാധിപനും മണവാട്ടി സൈന്യവും ആണ്. ഇതെത്ര മനോഹരമായ മധുവിധുവായിരിക്കും! അവന്റെ മധുവിധുവിന്റെ സമയം ക്രിസ്തു പ്രപഞ്ചത്തെ വെടിപ്പാക്കും. എതിർക്രിസ്തുവിനെയും കള്ളപ്രവാചകനെയും തീപ്പൊയ്കയിലേക്കും സാത്താനെ ബന്ധിച്ച് അഗാധത്തിലേക്കും എറിഞ്ഞുകളയും. ആ സമയം ക്രിസ്തു സന്തുഷ്ടനായിരിക്കുകയും, നമ്മുടെ മണവാളനുമൊത്തുള്ള മനോഹരമായ ഒരു മധുവിധു ആസ്വദിച്ചുകൊണ്ട് അവന്റെ മണവാട്ടിയായ നാമും സന്തുഷ്ടരായിരിക്കും.

ഹർമ്മഗെദ്ദോനിലെ യുദ്ധത്തിനുമുമ്പ് പ്രധാനപ്പെട്ട ചില സംഭവങ്ങൾ വളരെ ചുരുങ്ങിയ സമയത്തിനുള്ളിൽ സംഭവിക്കും. ഈ സംഭവങ്ങളിൽ ആദ്യഫലത്തിന്റെയും, ആൺകുട്ടിയുടെയും, വൈകിയെത്തിയ ജയാളികളുടെയും, ഭൂരിഭാഗം വിശുദ്ധന്മാരുടെയും, കാലാകളുടെയും ഉൾപ്രാപണവും; കത്തോലിക്കാമതത്തിന്റെ നശീകരണവും യെഹൂദാമതത്തിന്റെ അവസാനിപ്പിക്കലും; സഹസ്രാബ്ദത്തിന്റെ സമയത്ത് മണവാട്ടിയായിരിക്കുവാനും, വിവാഹവിരുന്നിൽ പങ്കെടുക്കുവാനും, ക്രിസ്തുവിനോടുകൂടെ ചേർന്ന് ശത്രുവിനോട് യുദ്ധം ചെയ്യുവാനും ആർ യോഗ്യതയുള്ളവരായിരിക്കും എന്നു തീരുമാനിക്കുന്ന ആകാശത്തിൽവച്ചുള്ള ക്രിസ്തുവിന്റെ ന്യായാസനത്തിലെ ന്യായവിധിയും; ആകാശത്തിൽ വച്ചുള്ള വിവാഹവും; ഒരുപക്ഷേ ഭൗതിക ബാബിലോണിന്റെ നശീകരണവും ഉൾപ്പെടും. ഇവയെല്ലാം പൂർത്തകരിക്കപ്പെട്ടതിനുശേഷം, ഹർമ്മഗെദ്ദോനിലെ യുദ്ധം എന്ന ഒരു കാര്യം അപ്പോഴും അവശേഷിക്കും. ക്രിസ്തുവിന്റെ ശത്രുക്കൾ അവനോട് യുദ്ധംപോലും പ്രഖ്യാപിച്ചുകൊണ്ട് കൂടുതൽ ദുഷിച്ചവരായിത്തീരും. അതുകൊണ്ട്, മണവാളനായ് ക്രിസ്തു അവരോട് യുദ്ധം ചെയ്യുവാൻ അവന്റെ മണവാട്ടിയോടുകൂടെ വരും.

## I. കുഞ്ഞാടിന്റെ വിവാഹത്തിനുശേഷം

പത്തൊമ്പതാം അധ്യായത്തിൽ വിവാഹവും യുദ്ധവും ഒരുമിച്ചു വച്ചിരിക്കുന്നു. ഈ അധ്യായത്തിന് "വിവാഹവും യുദ്ധവും" എന്നുപോലും തലക്കെട്ട് നല്കുവാൻ നമുക്കു കഴിയും. വിവാഹത്തിനുശേഷം ഉടനെ ശത്രുവിനോടു യുദ്ധംചെയ്യുവാൻ ക്രിസ്തു വരും. ഒരു ദിവസംപോലും അവൻ കാത്തിരിക്കുകയില്ല.

## II. സഹസ്രാബ്ദത്തിനുമുമ്പ്

വരുവാൻപോകുന്ന സഹസ്രാബ്ദരാജ്യത്തിനു വിരോധമായ സകല തടസ്സങ്ങളെയും ഹർമ്മഗെദ്ദോനിലെ യുദ്ധം നീക്കിക്കളയും. നമുക്ക് ഒരു വിരുന്ന് ഉണ്ടായിരിക്കുന്നതിനുമുമ്പ്, വിരുന്നുശാല വൃത്തിയാക്കണം. മുഴുവൻ പ്രപഞ്ചവും വിരുന്നുശാലയായിരിക്കും; ക്രിസ്തുവും അവന്റെ മണവാട്ടിയും ഒരുമിച്ചു പ്രവർത്തിച്ച് മാലിന്യങ്ങൾ അടിച്ചുവാരി തീപ്പൊയ്ക എന്ന "ചവറ്റുകൊട്ടയിലേക്ക്" ഇടും. പ്രപഞ്ചത്തിൽ ദൈവത്തിന്റെ അടിച്ചുവാരൽ ഉല്പത്തി ഒന്നാം അധ്യായത്തിൽ ആരംഭിച്ചു. ഒന്നാമതായി, ദൈവം മാലിന്യത്തെ സമുദ്രത്തിലേക്ക് ഒഴുക്കിക്കളഞ്ഞു (ഉല്പ. 1:2); കാരണം ആ സമയം പ്രപഞ്ചത്തിലെ "ചവറ്റുകൊട്ട" സമുദ്രമായിരുന്നു. അവസാനം, സകല മാലന്യങ്ങളും ആത്യന്തിക "ചവറ്റുകൊട്ടയായ" തീപ്പൊയ്കയിൽ ഇടും. മത്തായി 25:41-ൽ കർത്താവായ യേശു പറയുന്നു, "ശപിക്കപ്പെട്ടവരേ, എന്നിൽനിന്നു പിശാചിനും

അവന്റെ ദൂതന്മാർക്കും ഒരുക്കിയിരിക്കുന്ന നിത്യാഗ്നിയിലേക്കു പോകുവിൻ." "കോലാടുകൾ" പിശാചിനെ അനുഗമിച്ചതുകൊണ്ട്, അവരെ അവനും അവന്റെ ദൂതന്മാർക്കും ഒരുക്കിയിരിക്കുന്ന തീപ്പൊയ്കയിലേക്ക് എറിഞ്ഞുകളയും. പ്രപഞ്ചത്തിലെ സകല ചവറിനെയും കളയേണ്ടതിന് തീപ്പൊയ്കയെന്ന ഒരു "ചവറ്റുകൊട്ട" ദൈവം ഒരുക്കിയിരിക്കുന്നു. എതിർക്രിസ്തുവിനെയും, കള്ളപ്രവാചകനെയും, അവരുടെ സൈന്യങ്ങളെയും "ചേറുമുറത്തിലേക്ക്" അടിച്ചുവാരിയെടുക്കുകയും പിന്നീട് തീപ്പൊയ്കയിലേക്ക് എറിഞ്ഞുകളയുകയും ചെയ്യും. സഹസ്രാബ്ദത്തിനുശേഷം, സാത്താൻതാനും അവിടെ അവരോടു ചേരും. വലിയ വെള്ളസിംഹാസനത്തിലെ ന്യായവിധിക്കുശേഷം, മരിച്ചവരായ സകല അവിശ്വാസികളെയും തീപ്പൊയ്കയിലേക്ക് എറിഞ്ഞുകളയും. ആ സമയം മുതൽ, യാതൊരു പൊടിയും ഉണ്ടായിരിക്കുകയില്ല. പുതിയ യെരുശലേമിൽ, യാതൊരു പൊടിയും ഉണ്ടായിരിക്കുകയില്ല: അവിടെ പൊന്നും, മുത്തും, വിലയേറിയ കല്ലുകളും മാത്രമേ ഉണ്ടായിരിക്കുകയുള്ളൂ. ഹർമ്മഗെദ്ദോനിലെ യുദ്ധത്തിൽ കർത്താവിന്റെ പോരാട്ടം വാസ്തവത്തിൽ മാലിന്യത്തെ അടിച്ചുവാരി സാർവത്രികമായ "ചവറ്റുകൊട്ടയിലേക്ക്" ഇടുന്നതായിരിക്കും. "നീ ഇവിടെ എന്താണു ചെയ്യുന്നത്? നീ എനിക്കെതിരെ യുദ്ധം പ്രഖ്യാപിച്ചിരിക്കുകയാണോ? ഇത് നിന്നെ അടിച്ചുവാരിക്കളയുവാൻ എനിക്ക് ഏറ്റവും നല്ല അവസരം നല്കുന്നു. ഇതു ചെയ്യുവാൻ എന്റെ മണവാട്ടി എന്നോടുകൂടെ സഹകരിക്കും" എന്ന് കർത്താവ് എതിർക്രിസ്തുവിനോടു പറയുമായിരിക്കും.

നാം ചവറല്ല നിധിയാണ് എന്നതിനായി കർത്താവിനെ സ്തുതിക്കുന്നു! തീപ്പൊയ്കയിലേക്ക് എറിയപ്പെടുന്നതിനുപകരം, നാം പുതിയ യെരുശലേമിലേക്ക് കൂട്ടിച്ചേർക്കപ്പെടും. ഒരു ആനന്ദപ്രദമായ മധുവിധുവും ആയിരം വർഷത്തെ രാജ്യവും കർത്താവ് ആസ്വദിക്കേണ്ടതിനായി എല്ലാ ചവറിനെയും അടിച്ചുവാരിക്കളയണം. ഈ വെടിപ്പാക്കൽവേലയിൽ പങ്കെടുക്കുവാൻ ഞാൻ പ്രതീക്ഷിച്ചുകൊണ്ടിരിക്കുന്നു. അത് എത്ര ആനന്ദപ്രദമായിരിക്കും!

## III. പോരാളി

### A. വെള്ളക്കുതിരപ്പുറത്ത് സവാരിചെയ്യുന്നു

വാക്യം 11 പറയുന്നു, "പിന്നെ ഞാൻ സ്വർഗം തുറക്കപ്പെട്ടതു കണ്ടു, ഇതാ, ഒരു വെള്ളക്കുതിര, അതിന്മേൽ ഇരിക്കുന്നവനെ വിശ്വസ്തനും സത്യവാനും എന്നു വിളിക്കുന്നു, അവൻ നീതിയിൽ ന്യായംവിധിക്കുകയും യുദ്ധം ചെയ്യുകയും ചെയ്യുന്നു." ഇവിടെ മുഖ്യസൈന്യാധിപനെന്ന നിലയിൽ മണവാളനായ ക്രിസ്തു ഒരു

വെള്ളക്കുതിരമേൽ പ്രത്യക്ഷനാകുന്നു. ഒന്നാമത്തെ മുദ്രയുടെ കുതിരയ്ക്കും വെള്ളനിറം ആയിരുന്നു, അത് സുവിശേഷം പ്രസംഗിക്കുന്നതിനെ സൂചിപ്പിക്കുന്നു (6:2). അങ്ങനെ, ക്രിസ്തുവും സുവിശേഷവും വെള്ളക്കുതിരമേൽ സവാരിചെയ്യുന്നു. വെളിപ്പാട് പുസ്തകത്തിൽ, വെള്ള നിർമ്മലമായിരിക്കുന്നതിനെയും, ശോഭയുള്ളതിനെയും, നീതീകരിക്കപ്പെടുന്നതിനെയും, അംഗീകരിക്കപ്പെടുന്നതിനെയും സൂചിപ്പിക്കുന്നു. ഇത് ആറാം അധ്യായത്തിലെ മറ്റു നിറങ്ങളായ ചുവപ്പ്, കറുപ്പ്, മഞ്ഞ എന്നീ മൂന്നു കുതിരകളുടെ നിറത്താൽ സൂചിപ്പിക്കപ്പെടുന്നതിൽനിന്ന് തികച്ചും വ്യത്യസ്തമാണ്. ഇന്ന് നാമും ഈ വെള്ളക്കുതിരപ്പുറത്ത് സവാരി ചെയ്യുകയാണ്. നമ്മുടെ സുവിശേഷപ്രസംഗം നിർമ്മലവും, ശോഭയുള്ളതും, നീതീകരിക്കപ്പെട്ടതും, കർത്താവിനാൽ പൂർണ്ണമായി അംഗീകരിപ്പെട്ടതും ആണ്. തന്റെ ശത്രുവിനോട് ക്രിസ്തു യുദ്ധംചെയ്യുമ്പോൾ അവൻ ഈ കുതിരമേൽ സവാരിചെയ്യും.

## B. വിശ്വസ്തനും സത്യവാനും എന്നു വിളിക്കുന്നു

വാക്യം 11-ൽ ക്രിസ്തു "വിശ്വസ്തനും സത്യവാനും" എന്നു വിളിക്കപ്പെടുന്നു. ക്രിസ്തു ദൈവത്തിനും അവനിൽ വിശ്വസിക്കുന്നവർക്കും വിശ്വസ്തനാണ്. അവന്റെ വിശ്വസ്തതയിൽ അവൻ ദൈവത്തെ എതിർക്കുന്നവരെയും വിശ്വാസികളെ ഉപദ്രവിക്കുന്നവരെയും പരാജയപ്പെടുത്തുകയും നശിപ്പിക്കുകയും ചെയ്യുന്നു. ദൈവത്തിന്റെ വ്യവസ്ഥ നിർവഹിക്കുന്നതിലും അവനിൽ വിശ്വസിക്കുന്നവർക്കു വേണ്ടി കരുതുന്നതിലും അവൻ സത്യവാനാണ്. അവൻ വിശ്വാസ യോഗ്യനാകയാൽ അവനിൽ യാതൊരു കളവും ഇല്ല.

## C. നീതിയിൽ ന്യായംവിധിക്കുകയും യുദ്ധം ചെയ്യുകയും ചെയ്യുന്നു

"അവൻ നീതിയിൽ ന്യായംവിധിക്കുകയും യുദ്ധം ചെയ്യുകയും ചെയ്യുന്നു" എന്നും വാക്യം 11 പറയുന്നു. ക്രിസ്തു നീതിയിൽ ന്യായംവിധിക്കുകയും യുദ്ധം ചെയ്യുകയും ചെയ്യും. യുദ്ധം ചെയ്യുന്നതിലൂടെ അവൻ ന്യായംവിധിക്കുന്നു. ഭരണകൂടത്തിന് കോടതികളുടെ ന്യായവിധികളെ പിന്താങ്ങുവാൻ പോലീസ് സേന ഇല്ലെങ്കിൽ, തെറ്റുചെയ്യുന്ന ഏതൊരുവനും ഇന്നും ആ ന്യായവിധികൾ അംഗീകരിക്കുകയില്ല. പോലീസ് ശക്തിയാൽ മാത്രമേ ന്യായവിധി നടപ്പാക്കുവാൻ കഴിയുകയുള്ളൂ. എതിർക്രിസ്തുവിനെ വിധിക്കുവാൻ ക്രിസ്തു വരുമ്പോൾ, എതിർക്രിസ്തു തീർത്തും മത്സരിയായിരിക്കും. അങ്ങനെ, ഈ മത്സരത്തെ കീഴ്പ്പെടുത്തുവാനും ഈ മത്സരികളെ നീതിയിൽ ന്യായംവിധിക്കുവാനും ക്രിസ്തുവിന് യുദ്ധംചെയ്യേണ്ടത്

ആവശ്യമുണ്ടായിരിക്കും. യുദ്ധംചെയ്യുന്നതിലൂടെയുള്ള അവന്റെ ന്യായവിധി നീതിക്കൊത്തവണ്ണമാണെന്നു മാത്രമല്ല, അത് നീതി നിലനിർത്തുന്നതിനും കൂടിയാണ്.

## D. അഗ്നിജ്വാലപോലത്തെ കണ്ണുകളോടുകൂടെ

വാക്യം 12 പറയുന്നു, "അവന്റെ കണ്ണുകൾ അഗ്നിജ്വാലയാകുന്നു." ക്രിസ്തുവിന്റെ ന്യായംവിധിക്കുന്ന കണ്ണുകളെ ഇതു സൂചിപ്പിക്കുന്നു. അവൻ കാണുന്നതിനനുസരിച്ച് അവൻ ന്യായംവിധിക്കും. അവന്റെ ജ്വലിക്കുന്ന കണ്ണുകൾ അവന്റെ ന്യായവിധി നിർവഹിക്കും.

## E. അനേകം മകുടങ്ങൾ അണിഞ്ഞിരിക്കുന്നു

പോരാളിയെന്ന നിലയിൽ ക്രിസ്തുവിന് അവന്റെ തലയിൽ നിരവധി മകുടങ്ങളുണ്ട് (വാ. 12). ഓരോ മകുടവും ഒരോ തരത്തിലുള്ള തേജസ്സാണ്. ക്രിസ്തു കിരീടംധരിച്ചവനും തേജസ്സ രിക്കപ്പെട്ടവനുമാണ്. അവൻ അനേകതരം മഹത്വങ്ങൾകൊണ്ട് കിരീടമണിഞ്ഞിരിക്കു ന്നതുകൊണ്ട് (എബ്രാ. 2:9), അവൻ നിരവധി മകുടങ്ങൾ ധരിക്കുന്നു.

## F. അവനല്ലാതെ ആർക്കും അറിഞ്ഞുകൂടാത്ത ഒരു നാമം എഴുതിയിരിക്കുന്നു

വെള്ളക്കുതിരപ്പുറത്തിരിക്കുന്നവനെന്ന നിലയിൽ, ക്രിസ്തുവിന് "അവനല്ലാതെ ആർക്കും അറിയാത്ത എഴുതപ്പെട്ടിരിക്കുന്ന ഒരു നാമവും അവനുണ്ട്" (വാ. 12). ക്രിസ്താനുഭവം ഒരിക്കലും അനുഭവിച്ചുതീർക്കുവാൻ കഴിയാത്തതാണ്. നാം അവനെ അനുഭവമാക്കുമ്പോൾ, അവന്റെ ഒരു പ്രത്യേക വശത്തെ നാം അറിയുവാൻ ഇടവരുന്നു. എങ്കിലും, നമുക്ക് അനുഭവമാക്കുവാൻ കഴിയാത്തതായ ക്രിസ്തുവിന്റെ ചില വശങ്ങളുണ്ട്. ആ വശങ്ങൾ എന്തൊക്കെയാണെന്ന് അവനു മാത്രമേ അറിയുകയുള്ളൂ. നാം അനുഭവമാക്കുന്ന ക്രിസ്തു അക്ഷയനാണെന്ന് ഇതു സൂചിപ്പിക്കുന്നു. അവന്റെ വീണ്ടെടുപ്പ് നാം അനുഭവിച്ചിട്ടുള്ളതുകൊണ്ട് അവനെ വീണ്ടെടുപ്പുകാരനായി നാം അറിയുന്നു. അവനെ വെളിച്ചമായും, ജീവനായും, മന്നയായും, ശക്തിയായും, ബലമായും, വിശുദ്ധിയായും, ആശ്വാസമായും അനുഭവിച്ചിട്ടുള്ളതുകൊണ്ട് ഈ എല്ലാ വശങ്ങളിലും നാം അവനെ അറിയുന്നു. ക്രിസ്തുവിന്റെ ധനത്തിന്റെ നിരവധി കാര്യങ്ങൾ നാം അനുഭവിച്ചിട്ടുണ്ട്. എന്നാൽ നാം അനുഭവിച്ചി ട്ടില്ലാത്തതായ ചില കാര്യങ്ങൾ ഉള്ളതുകൊണ്ട്, അവനു മാത്രം അറിയാവുന്ന ഒരു നാമം അവന് ഇപ്പോഴും ഉണ്ട്. അതുകൊണ്ട്, ഈ നാമം നമുക്കറിയില്ല. നാം എത്രമാത്രം ക്രിസ്തുവിനെ അനുഭവിച്ചാലും, നാം അത് അനുഭവിച്ചിട്ടില്ലാത്തതുകൊണ്ട് അവനെക്കുറിച്ച് നമുക്കറിയാത്തതായ ഒന്ന് ഇപ്പോഴും ഉണ്ട്.

## G. രക്തത്തിൽ മുക്കിയ ഒരു വസ്ത്രത്തോടുകൂടെ

വാക്യം 13 പറയുന്നു, "അവൻ രക്തത്തിൽ മുക്കിയ വസ്ത്രം ധരിച്ചിരിക്കുന്നു." ക്രിസ്തുവിന്റെ വസ്ത്രം രക്തത്തിൽ മുക്കിയതും, കുതിരകളുടെ കടിഞ്ഞാണോളം ഉയരുന്ന രക്തമുള്ളിടമായ (14:20) ഹർമ്മഗെദ്ദോനിൽവച്ച് (16:14, 16) ദൈവത്തിന്റെ ക്രോധവും കോപവുമായ വീഞ്ഞിന്റെ മുന്തിരിച്ചക്ക് മെതിക്കുന്നതിനാൽ ചുവപ്പായിത്തീർന്നതും ആണ് (വാ. 15; യെശ. 63:1-3).

## H. അവന്റെ പേര് ദൈവവചനം എന്നു വിളിക്കപ്പെടുന്നു

"അവന് ദൈവവചനം എന്നു പേർ വിളിക്കപ്പെടുന്നു" എന്നും വാക്യം 13 പറയുന്നു. ദൈവവചനം ദൈവത്തിന്റെ നിർവചനവും, വിശദീകരണവും, ആവിഷ്കാരവും ആണ്. ദൈവവചനമെന്ന നിലയിൽ, യോഹന്നാന്റെ സുവിശേഷത്തിൽ ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട ജനത്തിന് കൃപയായി ജീവനെ പകർന്നു നല്കുന്നതിനാൽ മാത്രമല്ല (യോഹ. 1:1, 4, 14), യോഹന്നാന്റെ വെളിപ്പാടിൽ മത്സരികളായ ജനത്തിന്മേൽ ദൈവത്തിന്റെ ന്യായവിധി നടപ്പാക്കുന്നതിനാലും ക്രിസ്തു ദൈവത്തിനുവേണ്ടി സംസാരിക്കുന്നു. കർത്താവ് പോരാടുമ്പോൾപോലും അവൻ ദൈവത്തിനുവേണ്ടി സംസാരിക്കുകയും ദൈവത്തെ ആവിഷ്കരിക്കുകയും ചെയ്യുന്നു. ക്രിസ്തുവിന്റെ പോരാട്ടം ദൈവവചനത്തിന്റെ സംസാരമാണ്. ദൈവം നീതിമാനും സർവാധികാരിയും ആണ്. അവൻ ക്രമത്തിന്റെ ദൈവവും ആയതിനാൽ, അവന് ക്രമക്കേടും മത്സരവും സഹിക്കുവാൻ കഴിയുകയില്ല. ക്രിസ്തു ശത്രുവിനോട് യുദ്ധംചെയ്യുമ്പോൾ, ദൈവം സർവാധികാരിയും, നീതിമാനും, ക്രമമുള്ളവനും ആണെന്ന് സംസാരിക്കും. ദൈവം സകലരുടെയുംമേൽ ദൈവമാണെന്നും, അവന്റെ അധികാരത്തിനെതിരെയുള്ള മത്സരത്തെ അവൻ സഹിക്കുകയില്ലെന്നും അവൻ പ്രഖ്യാപിക്കും. ഇക്കാരണത്താൽ, പോരാളി വചനമാണ്. അവന്റെ പോരാട്ടം ദൈവത്തിന്റെ വചനത്തിന്റെ സംസാരമാണ്.

ഞാൻ യോഗം നടക്കുന്ന ഹാളിലേക്ക് വരികയും സകലവും കുഴഞ്ഞുമറിഞ്ഞ ഒരു അവസ്ഥയിൽ കാണുകയും ചെയ്യുന്നുവെന്നു കരുതുക. ഒരു വാക്കുപോലും പറയാതെ ഞാൻ ഹാൾ വൃത്തിയാക്കുവാൻ തുടങ്ങുന്നു. ഞാൻ ഒരു വെടിപ്പുള്ള വ്യക്തിയാണെന്നും കുഴഞ്ഞുമറിഞ്ഞ ഒരു സാഹചര്യത്തെ എനിക്ക് സഹിക്കുവാൻ കഴിയുന്നില്ലെന്നും വൃത്തിയാക്കുന്ന എന്റെ പ്രവൃത്തി പറയുന്നു. ഞാൻ യാതൊന്നും പറയേണ്ട ആവശ്യമില്ല, കാരണം എന്റെ വൃത്തിയാക്കൽ എനിക്കുവേണ്ടി സംസാരിക്കുന്നു. ഇതുപോലെ, ഹർമ്മഗെദ്ദോനിലെ യുദ്ധത്തിലെ കർത്താവിന്റെ

പോരാട്ടം ശക്തമായ ഒരു സംസാരമായിരിക്കും. ദൈവം സർവാധികാരിയാണെന്നും, അവനോട് മത്സരിക്കുവാൻ ആർക്കും കഴിയില്ലെന്നും അത് സാത്താനോടും, എതിർക്രിസ്തുവിനോടും, കള്ളപ്രവാചകനോടും, സർവ പ്രപഞ്ചത്തോടും പറയും. ദൈവം ക്രമത്തിന്റെ ഒരു ദൈവമാണ്, അവൻ സകല മത്സരത്തെയും അടിച്ചുവാരിക്കളയും.

യോഹന്നാന്റെ സുവിശേഷത്തിലും (1:1) യോഹന്നാന്റെ വെളിപ്പാടിലും ദൈവവചനത്തെക്കുറിച്ച് പരാമർശിച്ചിരിക്കുന്നു. യോഹന്നാന്റെ സുവിശേഷത്തിൽ പോരാട്ടത്തെ സംബന്ധിച്ചുള്ള യാതൊന്നിനെക്കുറിച്ചും ദൈവവചനം സംസാരിക്കുന്നില്ല; അവൻ വീണ്ടെടുപ്പിനെയും, വെളിച്ചത്തെയും, ജീവനെയും, കെട്ടുപണി യെയുംകുറിച്ച് സംസാരിക്കുന്നു. യോഹന്നാന്റെ വെളിപ്പാടിൽ ദൈവവചനം ജീവനെയും കെട്ടുപണിയെയുംകുറിച്ച് മാത്രമല്ല, പോരാട്ടത്തെക്കുറിച്ചും സംസാരിക്കുന്നു. ദൈവം ആഗ്രഹിക്കുന്ന കെട്ടിടം ഉണ്ടായിരിക്കുവാൻ കഴിയുന്നതിനുമുമ്പ് അവൻ ആദ്യം അവന്റെ പ്രപഞ്ചത്തെ വെടിപ്പാക്കണം. ഈ പുസ്തകത്തിൽ ക്രിസ്തുവിന്റെ പോരാട്ടം ദൈവത്തിനുവേണ്ടിയുള്ള അവന്റെ സംസാരവും ആണ്. ദൈവവചനമെന്ന നിലയിൽ, ദൈവം എന്തു തരം ദൈവമാണെന്ന് അവന്റെ പോരാട്ടം സർവപ്രപഞ്ച ത്തോടും പ്രഖ്യാപിക്കുന്നു. ദൈവം കലക്കത്തിന്റെ ദൈവമല്ല— സർവാധികാരിയായ ദൈവം, മത്സരം സഹിക്കുവാൻ കഴിയാത്ത ക്രമത്തിന്റെ ദൈവം ആണ്. തന്റെ പോരാട്ടത്താൽ ക്രിസ്തു ഇത് പ്രപഞ്ചത്തോടു പ്രഖ്യാപിക്കുന്നു.

## I. അവന്റെ വായിൽനിന്ന് മൂർച്ചയേറിയ വാൾ പുറപ്പെടുന്നു

വാക്യം 15 പറയുന്നു, "രാഷ്ട്രങ്ങളെ വെട്ടേണ്ടതിന് അവന്റെ വായിൽനിന്ന് മൂർച്ചയേറിയ വാൾ പുറപ്പെടുന്നു." ദൈവവചനമായ ക്രിസ്തുവിന്റെ വായിൽനിന്നു പുറപ്പെടുന്ന വാൾ മത്സരികളെ ന്യായംവിധിക്കുന്ന വചനമാണ് (യോഹ. 12:48). കർത്താവായ യേശു എതിർക്രിസ്തുവിനോട് യുദ്ധംചെയ്യുവാൻ വരുമ്പോൾ അവന് ആണവായുധങ്ങളുടെ ആവശ്യം ഉണ്ടായിരിക്കുകയില്ല. അവൻ ഒരു വാക്കു പറയേണ്ട ആവശ്യമേയുള്ളൂ. "എതിർക്രിസ്തൂ, തീപ്പൊയ്കയിലേക്ക് പോകൂ" എന്ന് അവൻ പറയുന്നുവെങ്കിൽ, എതിർക്രിസ്തു ഉടൻതന്നെ അവിടേയ്ക്ക് എറിയപ്പെടും. കർത്താവിന്റെ വചനം ഒരു ആണവായുധത്തെക്കാൾ ശക്തിയേറിയതാണ്. കർത്താവു സംസാരിക്കുമ്പോൾ അവനെ അനുഗമിക്കുന്നവരായ നാം "ആമേൻ" പറയും. "എതിർക്രിസ്തൂ, തീപ്പൊയ്കയിലേക്ക് പോകൂ" എന്ന് കർത്താവു പറയുമ്പോൾ നാം എല്ലാവരും "ആമേൻ" പറയുകയും, എതിർക്രിസ്തു ഉടൻതന്നെ തീപ്പൊയ്കയിൽ എറിയപ്പെടുകയും ചെയ്യും. ഇതാണ് കർത്താവ് പോരാടുന്ന

രീതി. എതിർക്രിസ്തു അത്യാധുനിക ആയുധങ്ങൾ ഉപയോഗിക്കുമെന്നതിന് സംശയമില്ല, എന്നാൽ ക്രിസ്തു തന്റെ വായിൽനിന്നു പുറപ്പെടുന്ന സർവ്വശക്തിയുള്ള വചനം എന്ന മൂർച്ചയേറിയ വാൾകൊണ്ട് അവനെ പരാജയപ്പെടുത്തും.

## J. ഇരുമ്പുകോൽകൊണ്ട് രാഷ്ട്രങ്ങളെ മേയ്ക്കുന്നു

കർത്താവ് രാഷ്ട്രങ്ങളെ വെട്ടുമെന്നു മാത്രമല്ല, അവൻ ഇരുമ്പുകോൽകൊണ്ട് അവരെ മേയ്ക്കുകയും ചെയ്യും (വാ. 15). ഇവിടെ മേയ്ക്കുകയെന്നാൽ ഭരിക്കുകയെന്നും, ഇരുമ്പുകോൽ ശക്തമായ അധികാരത്തെയും സൂചിപ്പിക്കുന്നു. ക്രിസ്തു ഒന്നാമത് തന്റെ ന്യായംവിധിക്കുന്ന വചനംകൊണ്ട് രാഷ്ട്രങ്ങളെ വെട്ടും: പിന്നീട്, ശേഷിക്കുന്നവരെ അവന്റെ ശക്തമായ ബലത്താൽ മേയ്ക്കും. ശക്തമായ ബലത്താലുള്ള അവന്റെ ഭരണം അവന്റെ മേയ്പാണ്. അവരെ മേയ്ക്കുന്നതിലൂടെ അവൻ രാഷ്ട്രങ്ങളുടെമേൽ ഭരണം നടത്തും. ഇന്ന്, ഒരു ഇരുമ്പുകോൽ കൊണ്ടല്ല, സ്നേഹത്താൽ മൂപ്പന്മാർ സഭയെ മേയ്ക്കുന്നു. എങ്കിലും, രാഷ്ട്രങ്ങൾക്ക് അപ്പോഴും മത്സരമുള്ള മനുഷ്യപ്രകൃതം ഉള്ളതുകൊണ്ട്, സഹസ്രാബ്ദത്തിന്റെ സമയത്ത് കർത്താവ് ഒരു ഇരുമ്പുകോൽകൊണ്ട് അവരെ മേയ്ക്കും. രാഷ്ട്രങ്ങൾക്ക് അപ്പോഴും ഒരു മത്സരപ്രകൃതം ഉണ്ടായിരിക്കുമെന്നത് സഹസ്രാബ്ദത്തിന്റെ അന്ത്യത്തിൽ ക്രിസ്തുവിനെതിരെ യുദ്ധംചെയ്യുവാൻ അവർ സാത്താനെ അനുഗമിക്കും എന്ന വസ്തുതയാൽ തെളിയിക്കപ്പെടുന്നു (20:7-9).

## K. ദൈവക്രോധത്തിന്റെ ചക്ക് മെതിക്കുന്നു

"സർവശക്തനായ ദൈവത്തിന്റെ ക്രോധവും കോപവുമായ വീഞ്ഞിന്റെ മുന്തിരിച്ചക്ക് മെതിക്കുന്നു" എന്നും വാക്യം 15 പറയുന്നു. ഹർമ്മഗെദ്ദോനിലെ യുദ്ധത്തിൽ കർത്താവിന്റെ പോരാട്ടം വലിയ മുന്തിരിച്ചക്ക് മെതിക്കുന്നതായിരിക്കും. ജാതീയ സൈനികശക്തികളായ സകല മുന്തിരിയും മുന്തിരിച്ചക്കിലേക്ക് കൂട്ടിച്ചേർക്കപ്പെടുകയും കർത്താവായ യേശുവിനാൽ മെതിക്കപ്പെടുകയും ചെയ്യും.

## L. രാജാധിരാജാവും, കർത്താധികർത്താവും എന്ന നാമം അവന്റെ വസ്ത്രത്തിന്മേലും അവന്റെ തുടമേലും എഴുതിയിരിക്കുന്നു

വാക്യം 16 പറയുന്നു, "അവന്റെ വസ്ത്രത്തിന്മേലും തുടമേലും, രാജാധിരാജാവും കർത്താധി കർത്താവും എന്ന് എഴുതിയിരിക്കുന്ന നാമമുണ്ട്." ക്രിസ്തു രാജാധിരാജാവും, കർത്താധികർത്താവും ആകുന്നു എന്ന വസ്തുത ഇനി മറഞ്ഞിരിക്കുകയോ മാർമ്മികമായിരിക്കുകയോ ഇല്ല. ഈ നാമം

അവന്റെ വസ്ത്രത്തിന്മേലും അവന്റെ തുടമേലും എഴുതപ്പെട്ടിരിക്കും: അങ്ങനെ, അത് പരസ്യമായി വെളിപ്പെടുകയും, എല്ലാവരാലും അറിയപ്പെടുകയും ചെയ്യും. വസ്ത്രം ക്രിസ്തുവിന്റെ സദ്ഗുണങ്ങളെ, പ്രത്യേകിച്ചും അവന്റെ മനുഷ്യത്വത്തിലുള്ള അവന്റെ നീതിയെ, സൂചിപ്പിക്കുന്നു. തുട ക്രിസ്തുവിന്റെ നിൽക്കുവാനുള്ള ബലത്തെ, അവന്റെ ദൃഢതയെ സൂചിപ്പിക്കുന്നു. രാജാധിരാജാവും കർത്താധികർത്താവും എന്ന അവന്റെ അഭിധാനം അവന്റെ നീതിയിലും ദൃഢതയിലും പ്രദർശിപ്പിക്കപ്പെട്ടിരിക്കുന്നു.

Mon

## IV. സൈന്യം

വാക്യം 14 പറയുന്നു, "സ്വർഗത്തിലെ സൈന്യം വെണ്മയും വെടിപ്പുമുള്ള നേരിയ ചണനൂൽ വസ്ത്രം ധരിച്ച് വെള്ളക്കുതിരപ്പുറത്ത് അവനെ അനുഗമിച്ചു." ഇവിടെ പറയുന്ന സൈന്യം 17:14-ൽ പറഞ്ഞിരിക്കുന്ന വിളിക്കപ്പെട്ടവരും തിരഞ്ഞെടുക്കപ്പെട്ടവരുമായ വിശ്വാസികളാണ്. അവർ മണവാട്ടിയും കുഞ്ഞാടിന്റെ കല്യാണ വിരുന്നിലേക്ക് ക്ഷണിക്കപ്പെട്ട അതിഥികളും ആണ് (വാ. 7-9). വിവാഹവിരുന്നിലേക്ക് ക്ഷണിക്കപ്പെട്ട അതിഥികളും മണവാട്ടിയും ഒന്നുതന്നെയാണ്. മണവാട്ടിയിൽ ക്ഷണിക്കപ്പെട്ട അതിഥികൾ ഉൾപ്പെട്ടിരിക്കുകയും, ക്ഷണിക്കപ്പെട്ട അതിഥികൾ ചേർന്ന് മണവാട്ടിയായിത്തീരുകയും ചെയ്യുന്നു. വിവാഹത്തിനുശേഷം സകല അതിഥികളും സൈന്യമായിത്തീരും.

സൈന്യം വെണ്മയും വെടിപ്പുമുള്ള നേരിയ ചണനൂൽ വസ്ത്രം ധരിച്ചിരിക്കുന്നുവെന്ന് വാക്യം 14 പറയുന്നു. ജയാളികളായ വിശുദ്ധന്മാർക്ക് രണ്ടു വസ്ത്രങ്ങൾ, ഒന്ന് രക്ഷയ്ക്കുവേണ്ടിയും, മറ്റൊന്ന് പ്രതിഫലത്തിനുവേണ്ടിയും ഉണ്ടെന്ന് കഴിഞ്ഞ ദൂതിൽ നാം കണ്ടു. ഇവിടെ പറയുന്ന വിശേഷവസ്ത്രം രണ്ടാമത്തെ വസ്ത്രമാണ്. ജയാളികളുടെ ഈ രണ്ടാമത്തെ വസ്ത്രം കുഞ്ഞാടിന്റെ വിവാഹവിരുന്നിൽ സംബന്ധിക്കുവാനും (വാ. 8-9), കർത്താവിനോടുകൂടെ അവന്റെ ശത്രുവിനെതിരെ യുദ്ധംചെയ്യുവാനും അവരെ യോഗ്യതയുള്ളവരാക്കുന്നു. അങ്ങനെ, വിവാഹവസ്ത്രം യുദ്ധംചെയ്യുന്ന വസ്ത്രമായിത്തീരുന്നു. രണ്ടാമത്തെ വസ്ത്രം നമ്മെ വിവാഹത്തിന് സംബന്ധിക്കുവാൻ മാത്രമല്ല, സൈന്യത്തോട് ചേരുവാനും യോഗ്യതയുള്ളവരാക്കുന്നു. നാം കണ്ടതുപോലെ, ഈ വസ്ത്രം നമ്മുടെ ദൈനംദിന നീതിയായി നമ്മിൽനിന്ന് ജീവിച്ചു വെളിപ്പെടുന്ന ക്രിസ്തു ആണ്. ഇന്നും, നമ്മുടെ നീതിയായ ക്രിസ്തുവിനാൽ നാം യുദ്ധംചെയ്തുകൊണ്ടിരിക്കുന്നു. ദൈവത്തിന്റെ സർവായുധവർഗം ക്രിസ്തുവാണെന്ന് എഫെസ്യർ 6 സൂചിപ്പിക്കുന്നു. കൂടാതെ, കർത്താവിന്റെ സൈന്യം വെള്ളക്കുതിരകളിന്മേലായിരിക്കും. നാം ഒളിപ്പോരാളികളല്ല, നാം ശരിയായ രീതിയിൽ രൂപപ്പെട്ട സ്വർഗീയസൈന്യമായിരിക്കും. ഹല്ലേലൂയ്യാ!

## V. ദൈവത്തിന്റെ മഹാ അത്താഴം

17-ഉം 18-ഉം വാക്യങ്ങളനുസരിച്ച്, "ദൈവത്തിന്റെ മഹാ അത്താഴത്തിനായി നിങ്ങൾ കൂടിവരുവിൻ" എന്ന് മധ്യാകാശത്തിൽ പറക്കുന്ന സകല പക്ഷികളോടും ഒരു ദൂതൻ ഉറക്കെ വിളിച്ചുപറയും: പക്ഷികൾ രാജാക്കന്മാരുടെയും, സേനാധിപതികളുടെയും, ബലവാന്മാരുടെയും, കുതിരകളുടെയും കുതിരപ്പുറത്തിരിക്കുന്നവരുടെയും, സ്വതന്ത്രന്മാരും അടിമകളും ചെറിയവരും വലിയവരുമായ എല്ലാവരുടെയും മാംസം തിന്നും. ഹർമ്മഗെദ്ദോനിലെ യുദ്ധത്തിലെ കർത്താവിന്റെ പോരാട്ടത്താൽ സകല പക്ഷികൾക്കും ഒരു വലിയ അത്താഴം ഒരുങ്ങും. ദൈവത്തിന്റെ മഹാ അത്താഴം കുഞ്ഞാടിന്റെ വിവാഹ അത്താഴത്തിനു വിരുദ്ധമാണ്. വിവാഹ അത്താഴം ക്ഷണിക്കപ്പെട്ട ജയാളികൾക്കു വേണ്ടിയുള്ളതും, മഹാ അത്താഴം ക്ഷണിക്കപ്പെട്ട പക്ഷികൾക്കു വേണ്ടിയുള്ളതും ആണ്. പക്ഷികൾ രാജാക്കന്മാരുടെ മാംസം വിരുന്നായി ഭക്ഷിക്കുമെങ്കിലും, എതിർക്രിസ്തുവും കള്ളപ്രവാചകനും തീപ്പൊയ്കയിലേക്ക് എറിയപ്പെടുമെന്നതുകൊണ്ട് അവരെ ഭക്ഷിക്കുകയില്ല.

## VI. ശത്രുക്കൾ

വാക്യം 19-ൽ നാം കർത്താവിന്റെ ശത്രുക്കളെ കാണുന്നു. ഈ വാക്യം പറയുന്നു, "പിന്നെ കുതിരപ്പുറത്തിരിക്കുന്നവനോടും അവന്റെ സൈന്യത്തോടും യുദ്ധം ചെയ്യുവാൻ മൃഗത്തെയും ഭൂരാജാക്കന്മാരെയും അവരുടെ സൈന്യങ്ങളെയും കൂട്ടിവരുത്തിയിരിക്കുന്നത് ഞാൻ കണ്ടു." ഈ വാക്യമനുസരിച്ച്, ക്രിസ്തുവിന്റെ ശത്രുക്കൾ മൃഗവും, എതിർക്രിസ്തുവും (കള്ളപ്രവചകനെന്ന അവന്റെ സഹചാരിയും ഉൾപ്പെട്ടിരിക്കുമെന്നതിന് സംശയമില്ല), ഭൂമിയിലെ രാജാക്കന്മാരും അവരുടെ സൈന്യങ്ങളും ആണ്. ഭൂരാജാക്കന്മാരിൽ (16:12-16) വിശേഷാൽ എതിർക്രിസ്തുവിൻകീഴിലുള്ള പത്തു രാജാക്കന്മാർ ഉൾപ്പെടുന്നു (17:12-14), സൈന്യങ്ങളിൽ "സൂര്യോദയത്തിൽനിന്നുള്ള" ഇരുപതു കോടി അശ്വാരൂഢരുടെ സൈന്യവും ഉൾപ്പെടുന്നു (9:16; 16:12).

## VII. എതിർക്രിസ്തുവിന്റെയും അവന്റെ സൈന്യങ്ങളുടെയും പരാജയം

എതിർക്രിസ്തുവിന്റെയും അവന്റെ സൈന്യങ്ങളുടെയും പരാജയത്തെ സംബന്ധിച്ച് 20-ഉം 21-ഉം വാക്യങ്ങളിൽ നാം കാണുന്നു. വാക്യം 20 പറയുന്നു, **"മൃഗത്തെയും അവനോടുകൂടെ, അവന്റെ സന്നിധിയിൽ താൻ ചെയ്ത അടയാളങ്ങളാൽ മൃഗത്തിന്റെ അടയാളം സ്വീകരിക്കുകയും അവന്റെ പ്രതിമയെ ആരാധിക്കുകയും ചെയ്തവരെ വഞ്ചിച്ച കള്ളപ്രവാചകനെയും**

പിടികൂടി. ഇരുവരെയും ഗന്ധകം കത്തുന്ന തീപ്പൊയ്കയിലേക്ക് ജീവനോടെ എറിഞ്ഞുകളഞ്ഞു." തീപ്പൊയ്കയിൽ ആദ്യം നശിക്കുന്നത് എതിർക്രിസ്തുവും കള്ളപ്രവാചകനുമായിരിക്കും. ശേഷിച്ച എല്ലാവരും "കുതിരപ്പുറത്തിരിക്കുന്നവന്റെ വായിൽനിന്നു പുറപ്പെടുന്ന വാളാൽ" കൊല്ലപ്പെടുകയും (വാ. 21), സകല പക്ഷികളും ഒരു വലിയ സദ്യ കഴിച്ചുകൊണ്ട് അവരുടെ മാംസം ആർത്തിയോടെ തിന്നുകയും ചെയ്യും.

## VIII. യെഹോശാഫാത്ത് താഴ്‌വരയിലെ യുദ്ധം

ഈ അധ്യായത്തിൽ പറഞ്ഞിരിക്കുന്ന യുദ്ധം യെഹോശാഫാത്ത് താഴ്‌വരയിലെ യുദ്ധമാണ് (യോവേ. 3:9-12; സെഖ. 14:2-3, 12-15). ഇത് യെരൂശലേമിന് വളരെ അടുത്തായിരിക്കും (ദൂത് 48).

## IX. വലയ മുന്തിരിച്ചക്കു മെതിക്കുന്നു

ഹർമ്മഗെദ്ദോനിലെ യുദ്ധത്തിൽ കർത്താവിന്റെ പോരാട്ടം വലിയ മുന്തിരിച്ചക്ക് മെതിക്കുന്നതായിരിക്കും. ഇത് ലോകത്തിലെ സകല ദുഷ്ടശക്തികളുടെയുംമേൽ വരുന്ന ന്യായവിധി, എല്ലാവരുടെയുംമേൽ വരുന്ന മരണപ്രഹരം ആയിരിക്കും.

ഹർമ്മഗെദ്ദോനിലെ വരുവാൻപോകുന്ന യുദ്ധത്തെ സംബന്ധിച്ച പ്രവചനത്തിന്റെ വെളിച്ചത്തിൽ ഇന്നത്തെ ലോകസാഹചര്യത്തെ നാം വീക്ഷിക്കേണ്ടത് ആവശ്യമാണ്. അമ്പതു വർഷങ്ങൾക്കുമുമ്പ് ഞാൻ ആദ്യം ഈ പ്രവചനങ്ങൾ പഠിച്ചപ്പോൾ ലോകസാഹചര്യം ഇന്നത്തേതിൽനിന്നും വളരെയധികം വ്യത്യസ്തമായിരുന്നു. ആ സമയത്ത് യിസ്രായേൽരാഷ്ട്രം വീണ്ടും രൂപീകരിക്കപ്പെടുകയും, യെരൂശലേം യെഹൂദന്മാർക്കു മടക്കിനൽകപ്പെടുകയും, മദ്ധ്യപൗരസ്ത്യരാജ്യങ്ങൾ ആരാലും ശ്രദ്ധിക്കപ്പെടുകയും ചെയ്തിരുന്നില്ല. രണ്ടാം ലോകയുദ്ധത്തിനുശേഷം, 1948-ൽ, യിസ്രായേൽരാഷ്ട്രം വീണ്ടും രൂപീകരിക്കപ്പെടുകയും, ജനത്തിന്റെ ശ്രദ്ധ മദ്ധ്യപൗരസ്ത്യരാജ്യങ്ങളുടെമേൽ കേന്ദ്രീകരിക്കുവാൻ തുടങ്ങുകയും ചെയ്തു. പത്രങ്ങളിൽ യിസ്രായേലിന്റെ പുനർരൂപീകരണത്തെക്കുറിച്ച് വായിച്ചപ്പോൾ ഞാൻ ആശ്ചര്യപ്പെടുകയും പുളകിതനാകുകയും ചെയ്തു. 1967-ൽ യെരൂശലേം യെഹൂദന്മാർക്ക് മടക്കിനല്കപ്പെട്ടിരിക്കുന്നു എന്ന വാർത്ത കേട്ട് ഞാൻ ഉത്തേജിതനായി. ഇന്ന് മദ്ധ്യപൗരസ്ത്യരാജ്യങ്ങൾ ലോകസാഹചര്യത്തിന്റെ കേന്ദ്രമാണ്.

യിസ്രായേലിനെ പരാജയപ്പെടുത്തുവാൻ സോവിയറ്റ് യൂണിയൻ രഹസ്യമായി സകലവും ചെയ്തുകൊണ്ടിരിക്കുന്നു. മറ്റൊരു ദൂതിൽ നാം കാണുവാൻ പോകുന്നതുപോലെ, ഇത് യെഹെസ്കേൽ 38-ഉം 39-ഉം അധ്യായങ്ങളിലെ പ്രവചനങ്ങൾ അനുസരിച്ചാണ്. യിസ്രായേലിനെ പരാജയപ്പെടുത്തുവാൻ സോവിയറ്റ് യൂണിയൻ നേതൃത്വമെടുക്കുമെന്ന് ഈ അധ്യായങ്ങൾ വെളിപ്പെടുത്തുന്നു.

യിസ്രായേലിന് ചുറ്റുമുള്ള സകല അറബ് രാഷ്ട്രങ്ങളും അവൾക്കെതിരെ ഗൂഢാലോചന നടത്തിക്കൊണ്ടിരിക്കുന്നു. മദ്ധ്യ പൗരസ്ത്യരാജ്യങ്ങളിൽ ഒന്നുപോലും യിസ്രായേലിന് അനുകൂലമല്ല. ഹർമ്മഗെദ്ദോനിലെ യുദ്ധത്തിനുവേണ്ടിയുള്ള സകലവും ഏതാണ്ട് ഒരുങ്ങിയിരിക്കുന്നു. എന്നാൽ യൂറോപ്പിലെ സാഹചര്യം ഇപ്പോഴും അവ്യക്തമാണ്. ഇന്നല്ലെങ്കിൽ നാളെ അവിടെ ചിലത് സംഭവിക്കും; യൂറോപ്പിലും മദ്ധ്യപൗരസ്ത്യരാജ്യങ്ങളിലുമുള്ള ജനം ശക്തനായ ഒരു നേതാവിനെ അന്വേഷിച്ചുകൊണ്ടിരിക്കുകയാണ്.

യെഹൂദന്മാരും ആലയം പുനർനിർമ്മിക്കുവാനുള്ള അവസരം അന്വേഷിച്ചുകൊണ്ടിരിക്കുന്നു. ഇപ്പോൾ, ആലയത്തിന്റെ സ്ഥലത്തിൽ അവരുടെ രണ്ടാമത്തെ ഏറ്റവും പ്രധാനപ്പെട്ട മതപരമായ ദേവാലയമായ ഒരു മുസ്ലിം പള്ളി ഉണ്ട്. ആലയത്തിന്റെ സ്ഥലം അബ്രാഹാം യിസ്ഹാക്കിനെ യാഗംകഴിച്ച കൃത്യസ്ഥാനമാണ്. ഈ പള്ളിയിൽനിന്നും വളരെ ദൂരെയല്ലാതെയാണ് ആലയത്തിന്റെ ഇപ്പോഴും ശേഷിച്ചിരിക്കുന്ന ഒരേയൊരു ഭാഗമായ, വിലാപ മതിൽ ഉള്ളത്. ആലയം പുനർനിർമ്മിക്കത്തക്കവണ്ണം ആലയത്തിന്റെ സ്ഥലം മടക്കിലഭിക്കുന്നത് നാം ആകാംക്ഷയോടെ പ്രതീക്ഷിച്ചുകൊണ്ടിരിക്കുന്നു. അത്ര വിദൂരമല്ലാത്ത ഒരു സമയത്ത് സ്ഥലം തിരികെ ലഭിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു.

ഇന്നത്തെ ലോകസാഹചര്യം ആദർശമില്ലാത്തതാണ്. എണ്ണയുടെമേലുള്ള പ്രശ്നംപോലും ഹർമ്മഗെദ്ദോനിലെ യുദ്ധത്തെ സംബന്ധിച്ച പ്രവചനത്തിന്റെ നിറവേറലിനുവേണ്ടി കർത്താവിനാൽ ഉപയോഗിക്കപ്പെടാവുന്നതാണ്. ഹർമ്മഗെദ്ദോനിലെ യുദ്ധത്തിന്റെ സമയത്തോടടുത്ത് മൂന്നിൽ രണ്ട് യെഹൂദന്മാർ കൊല്ലപ്പെടും. രക്ഷപ്പെടുന്ന മൂന്നിലൊന്ന് തീയാൽ ശോധനചെയ്യപ്പെടുകയും കാത്തുകൊള്ളപ്പെടുകയും ചെയ്യും (സെഖ. 13:8-9). ആ ഘട്ടത്തിൽ കർത്താവ് സ്വർഗത്തിൽനിന്ന് ഇറങ്ങിവരികയും അവന്റെ പാദങ്ങൾ ഒലിവുമലയിൽ വയ്ക്കുകയും ചെയ്യും (സെഖ. 14:4). ഒലിവുമല രണ്ടായി പിളരുകയും, ഒരു താഴ്‌വര ഉളവാകുകയും അതിലൂടെ ഉപദ്രവിക്കപ്പെട്ട യെഹൂദന്മാർ ഓടിപ്പോകുകയും ചെയ്യും. ഒരുപക്ഷേ ഒരു വലിയ ഭൂകമ്പം ആ സമയത്തുണ്ടാകും. സെഖര്യാവ് 14 അനുസരിച്ച്, എതിർക്രിസ്തുവിന്റെ സൈന്യങ്ങൾ നശിപ്പിക്കപ്പെടും. "അവൻ നിവർന്നു നിൽക്കുമ്പോൾതന്നെ അവരുടെ മാംസം ചീഞ്ഞഴുകിപ്പോകുകയും, അവരുടെ കണ്ണ് തടത്തിൽത്തന്നെ ചീഞ്ഞഴുകിപ്പോകുകയും, അവരുടെ നാവ് വായിൽത്തന്നെ ചീഞ്ഞഴുകിപ്പോകുകയും ചെയ്യും" (സെഖ. 14:12).

യിസ്രായേൽരാഷ്ട്രത്തെക്കുറിച്ചുള്ള ദൈവകല്പിതം വേദപുസ്തകം വെളിപ്പെടുത്തുന്നു. നിരവധി യിസ്രായേല്യർ ഇപ്പോഴും

അവിശ്വാസത്തിലായതുകൊണ്ട്, കർത്താവ് മടങ്ങിവരുന്നതിനുമുമ്പ്, ദൈവത്തിന്റെ ദൃഷ്ടിയിൽ യെരൂശലേം സൊദോം പോലെയായിരിക്കും (11:18). അതുകൊണ്ട്, യിസ്രായേൽരാഷ്ട്രത്തെ ശുദ്ധീകരിക്കുവാനും നിർമ്മലീകരിക്കുവാനുമായി ദൈവം എതിർക്രിസ്തുവിനെയും പത്തു രാജാക്കന്മാരെയും ഉപയോഗിക്കും. ശേഷിക്കുന്നവർ സഹസ്രാബ്ദരാജ്യത്തിനു വേണ്ടി ദൈവത്താൽ കാത്തുസൂക്ഷിക്കപ്പെടും. യെശയ്യാവ് 2:2-3-ഉം സെഖര്യാവ് 8:20-23-ഉം വ്യക്തമായി വെളിപ്പെടുത്തുന്നതുപോലെ, രാജ്യത്തിൽ രക്ഷിക്കപ്പെട്ടവരും കാത്തുസൂക്ഷിക്കപ്പെട്ടവരുമായ യെഹൂദന്മാർ ദൈവത്തെ അറിയുവാൻ രാഷ്ട്രങ്ങളെ ഉപദേശിക്കുകയും അവനെ സേവിക്കുകയും ചെയ്യുന്ന പുരോഹിതന്മാരായിരിക്കും.